(ഇ) & (എഫ്) വായ്പയുടെ പലിശ വായ്പ അനുവദിക്കുമ്പോൾതന്നെ വ്യവസ്ഥ ചെയ്തിരിക്കും. ഇപ്പോൾ 9 മുതൽ 13 ശതമാനം വരെയാണ് പലിശ ഈടാക്കുന്നത്.

(ജി) എത്ര തുക തിരിച്ചടയ്ക്കേണ്ടിവരും എന്നത് ബാങ്ക് ഈടാക്കുന്ന പലിശയും തിരിച്ചടവിനുള്ള കാലാവധിയും അനുസരിച്ച് ഇരിക്കും. ഒരു എൻജിനീയറിംഗ് വിദ്യാർത്ഥി ആദ്യവർഷം ഒരു ലക്ഷത്തിന്റെ വായ്പ 10.75 ശതമാനം പലിശ നിരക്കിലും 7 വർഷത്തിലെ കാലാവധിയിലുമാണ് എടുക്കുന്നതെങ്കിൽ 5-ാം വർഷം മുതൽ 2,600 രൂപ മാസത്തവണയായി 84 മാസം കൊണ്ട് 2,19,156 രൂപ തിരിച്ചടയ്ക്കേണ്ടിവരും.

വികസനം വൈകിപ്പിക്കുന്നത് തടയാൻ പ്രത്യേക നിയമം

16 [2322] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *കെ. കെ. ഷാജു:*

,, *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പ്രക്രിയയ്ക്ക് തടസ്സമുണ്ടാക്കുന്ന രീതിയിൽ അനാവശ്യ വിവാദങ്ങളും, പ്രക്ഷോഭങ്ങളും നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നേരിടുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ;

(സി) അനാവശ്യ വിവാദങ്ങളും സമരങ്ങളുംമൂലം നാടിന്റെ വികസനം വൈകിപ്പിക്കുന്നത് തടയാൻ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) സർക്കാർ നയങ്ങളോട് വിയോജിക്കാനും പ്രതിഷേധിക്കാനുമുള്ള അവകാശം ജനാധിപത്യഭരണക്രമം ഉറപ്പുനൽകുന്ന സാഹചര്യത്തിൽ പ്രത്യേക നിയമനിർമ്മാണം നടത്തി വിവാദങ്ങളേയും പ്രക്ഷോഭങ്ങളേയും നേരിടാൻ കഴിയുമെന്ന് കരുതുന്നില്ല. വികസന സംസ്കാരത്തിന് അനുകൂലമായ, ശക്തമായ പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടും പ്രക്ഷോഭകരുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനുമാവശ്യമായ ബോധവൽക്കരണവും, പ്രചരണ പരിപാടികളും ആവിഷ്കരിച്ചുകൊണ്ടും വികസന മേഖലയിൽ മുന്നേറാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly